Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

K20U 0424

II Semester B.A. Degree CBCSS (OBE) – Regular Examination, April 2020
(2019 Admission)
CORE COURSE IN MALAYALAM
2B02 MAL : ചെറുകഥാസാഹിത്യം

Time : 3 Hours

Max. Marks : 40

**300** വാക്കിൽ കവിയാതെ **2** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **7** മാർക്ക് വീതം.

1. സ്ത്രീകൾ അഭിമുഖീകരിക്കേണ്ടി വരുന്ന ജീവിത പ്രതിസന്ധികളുടെ ആവിഷ്കാരങ്ങളാണ് രാജലക്ഷ്മിയുടെയും ലളിതാംബിക അന്തർജനത്തിന്റെയും കഥകളിൽ ദൃശ്യമാകുന്നത് – യാത്രാവസാനം, പരാജിത എന്നീ കഥകളെ മുൻനിർത്തി പരിശോധിക്കുക.

2. മലയാളിയുടെ മിഥ്യാഭിമാനത്തിനും പൊങ്ങച്ചത്തിനുമെതിരെയുള്ള നിശിത വിമർശനമാണ് വി.കെ. എൻ. കഥകൾ. വരനെ ആവശ്യമുണ്ട് എന്ന കഥയെ മുൻനിർത്തി ഉപന്യസിക്കുക.

3. മലയാളത്തിലെ ആദ്യകാല ചെറുകഥകളെ വിമർശനാത്മകമായി വിലയിരുത്തുക.

4. 'പ്രാദേശികമായ ജീവിതത്തിന്റെയും ഭാഷാ പ്രയോഗങ്ങളുടെയും തനതായ ആവിഷ്കാരങ്ങളാണ് സമകാലിക മലയാള ചെറുകഥയെ വ്യത്യസ്തമാക്കുന്നത്.' തൊട്ടപ്പൻ, കടന്നപ്പാനി എന്നീ കഥകളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

**150** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **3** മാർക്ക് വീതം.

5. പരാജിത എന്ന തലക്കെട്ട് കഥയ്ക്ക് എത്രത്തോളം അനുയോജ്യമാണെന്ന് പരിശോധിക്കുക.

6. 'പൊയ്പോയ ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യം അയവിറക്കുന്ന കഥയാണ് നളിനകാന്തി'. പരിശോധിക്കുക.

7. മസ്ക്രീനാസിന്റെ മരണം എന്ന കഥയിൽ തെളിയുന്ന ഗോവയിലെ ജനജീവിതത്തെപ്പറ്റി വിവരിക്കുക.

8. 'എന്റെ ആദ്യയാത്ര' എന്ന കഥ ആകാംക്ഷ ജനിപ്പിക്കുന്ന ആഖ്യാനമാണ്. സമർത്ഥിക്കുക.

9. കോപ്പന്റെ നിരപരാധിത്വം കുറുപ്പു തെളിയിച്ചതെങ്ങനെ ?

10. സാങ്കേതിക വിദ്യയുടെ വളർച്ച വർത്തമാനകാല മനുഷ്യ ജീവിതത്തെ സ്വാധീനിക്കുന്നതിന്റെ ആവിഷ്കാരമാണ് 'ഓർമ്മച്ചിപ്പ്'. വിലയിരുത്തുക.

**100** വാക്കിൽ കവിയാതെ **4** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2** മാർക്ക് വീതം.

11. മദ്രാസിലെത്തിപ്പെട്ട ശ്രീദേവിയെ രക്ഷിച്ചതാര് ? എങ്ങനെ ?

12. വീടുവിട്ടിറങ്ങിയ യേശുവിന്റെ ജീവിതം എങ്ങനെയുള്ളതായിരുന്നു ?

13. ഹരികൃഷ്ണനോടുള്ള യുവതിയുടെ ഭർത്താവിന്റെ സമീപനം എന്തായിരുന്നു ?

14. 'ഞാൻ തള്ളിയവന് സിലോണിലും ഇന്ത്യയിലും ഒരു നല്ല കമ്പനിയിൽ ഉദ്യോഗം കിട്ടുവാൻ പ്രയാസമാണ്'. ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

15. പാരിസ്ഥിതിക ദർശനം ഉൾക്കൊള്ളുന്ന കഥയാണ് കടന്നപ്പാനി. സമർത്ഥിക്കുക.

16. കുഞ്ഞിക്കോരുമാഷെക്കുറിച്ചുള്ള സുനീഷിന്റെ മനസ്സിലെ ചിത്രം എങ്ങനെയുള്ളതായിരുന്നു ?

**4** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **1½** മാർക്ക് വീതം.

17. കോപ്പൻ പറങ്ങോടനെ കൊന്നു എന്ന് മമ്മത് ഖാൻ വിശ്വസിക്കാനുള്ള കാരണം എന്ത് ?

18. മസ്ക്രീനാസിന്റെ ബാഹ്യരൂപം എന്തായിരുന്നു ?

19. മൂർക്കോത്ത് കുമാരനെ പരിചയപ്പെടുത്തുക.

20. കടന്നൽക്കൂട് തീയിട്ട് ചുട്ടെരിക്കുന്നതിൽ നിന്ന് റസിഡന്റ്സ് അസോസിയേഷൻകാരെ പിന്തിരിപ്പിക്കുന്നതെന്ത് ?

21. ലീലാമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിവരിക്കുക.

22. പൊൻകുന്നം വർക്കിയെക്കുറിച്ച് ലഘുകുറിപ്പെഴുതുക.

---